ഉത്തരം

(എ) സംസ്ഥാനത്ത് 400 ദിവസത്തിനകം 100 പാലങ്ങൾ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ റോഡുകളുടെ വികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ട 106.2 കി.മീ. റോഡുകളുടെ പുനരുദ്ധാരണത്തിനായി 279.31 കോടി രൂപയുടെ പദ്ധതി RICK എന്ന സ്ഥാപനം മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ദേശീയപാതകളുടെ വികസനത്തിനായി 2015-16 സാമ്പത്തിക വർഷത്തെ കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ 2365.72 കോടി രൂപയുടെ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഗതാഗതക്കുരുക്കിന് പരിഹാരം കണ്ടെത്തുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ മേൽപ്പാലങ്ങൾ, റിംഗ് റോഡുകൾ, ഫ്ലൈഓവറുകൾ എന്നിവ നിർമ്മിക്കാനാണ് സ്പീഡ് കേരള പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. 23 പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ആദ്യഘട്ടത്തിലെ 10 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 5 പദ്ധതികളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. ഇത് കൂടാതെ DFIP (District Flagship Infrastructure Project) പദ്ധതിയിൽ, 3771.47 കോടി രൂപ ചെലവിൽ 21 പദ്ധതികൾക്ക് തത്ത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് 400 ദിവസത്തിനകം 100 പാലങ്ങൾ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 89 പാലങ്ങളുടെ നിർമ്മാണത്തിനായി നിരത്തുകളും പാലങ്ങളും വിഭാഗത്തിൽനിന്നും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. (ഇതിൽ 15 പാലങ്ങൾ പൂർത്തീകരിച്ചു.) ബാക്കിയുള്ള 11 പാലങ്ങൾ NH, RBDCK തുടങ്ങിയ ഏജൻസികൾ വഴി നടപ്പിലാക്കിവരുന്നു. പ്രസ്തുത പാലങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു. സംസ്ഥാനത്ത് 60 റോഡുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി നിലവിലില്ല.

പൊന്നുമരാമത്ത് കരാറുകാർക്കുള്ള കുടിശ്ശിക തുക

318 (1352) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പൊതുമരാമത്ത് കരാറുകാർക്ക് ഈ സർക്കാർ എത്ര കോടി രൂപ നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ ; കാസർഗോഡ് ജില്ലയിൽ എത്ര കോടി രൂപ നൽകാനുണ്ടെന്നും വ്യക്തമാക്കാമോ ?

---

* ഈ ക്വസ്റ്റ്യൻ വന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ കരാറുകാർക്ക് 28-2-2015-വരെ കടിശ്ശിക ബില്ലിനത്തിൽ 1711.19 കോടി രൂപയും കെട്ടിട വിഭാഗത്തിൽ 477.97 കോടി രൂപയും ദേശീയപാതാ വിഭാഗത്തിൽ 45.72 കോടി രൂപയും കുടിശ്ശികയുണ്ട്. കാസർഗോഡ് ജില്ലയിൽ നിരത്ത് വിഭാഗത്തിൽ 7838.85 ലക്ഷം രൂപയും കെട്ടിടവിഭാഗത്തിൽ 12.78 കോടി രൂപയും നൽകുവാനുണ്ട്. ദേശീയപാതാ വിഭാഗത്തിൽ കാസർഗോഡ് ജില്ലയിൽ കുടിശ്ശിക നൽകാനില്ല.

ചന്ദനത്തോപ്പ് - പെരിനാട് ഇ.എസ്.ഐ. റോഡിന്റെ നിർമ്മാണം

319 (1353) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചന്ദനത്തോപ്പ്-പെരിനാട് ഇ.എസ്.ഐ. റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ അനന്തമായി നീളുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ അവസ്ഥ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ചന്ദനത്തോപ്പ്-പെരിനാട് ഇ.എസ്.ഐ. റോഡിന്റെ നിർമ്മാണ പ്രവൃത്തിക്ക് രണ്ടുതവണ ടെണ്ടർ ക്ഷണിച്ചിട്ടും കരാറുകാർ പ്രതികരിക്കാത്തതിനെ തുടർന്ന് തുടർ ക്വട്ടേഷൻ ക്ഷണിക്കുകയും അതിൻ പ്രകാരം ലഭിച്ച എസ്റ്റിമേറ്റ് റേറ്റിന്റെ 17.87% അധിക നിരക്കിലുള്ള ശ്രീ. സജീഷ് എ. എന്ന കരാറുകാരന്റെ ടെണ്ടർ ക്വട്ടേഷൻ 21-5-2015-ലെ സ.ഉ.(സാധാ) നമ്പർ 685/15/പൊ.മ.വ. പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പണിയുള്ള കരാർ ഒപ്പുവച്ചാലുടൻ തന്നെ പണി ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

തിരുവനന്തപുരം - ചെങ്കോട്ട റോഡ് ഗതാഗത തടസ്സം

320 (1354) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം-ചെങ്കോട്ട, പാലോട് ഫോറസ്റ്റ് റെയിഞ്ചാഫീസിനു മുന്നിലെ റോഡ് വാമനപുരം നദിയിലേക്ക് ഇടിഞ്ഞുവീണ് വർഷങ്ങളായി ഗതാഗത തടസ്സം ഉണ്ടായി കൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly